കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ്-കേരളത്തിലെ വിദ്യാലയങ്ങളിലെ തയ്യൽ ടീച്ചർ തസ്തികയിലേക്ക് യോഗ്യതയായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

ജി.ഒ (എം.എസ്) നം.114/2019/പൊവിവ    തീയതി, തിരുവനന്തപുരം, 06/08/2019

പരാമർശം:- 1). 30/04/2005 ലെ 11087/ഇ 2/2005/പൊവിവ നമ്പർ കത്ത്.
2). എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 17-3-2019 ലെ പ്രോഗ്രാം 2/3326/19/ എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയിലെ മറ്റ് യൂണിവേഴ്സിറ്റികൾ നൽകുന്ന തത്തുല്യമായ അവാർഡുകൾക്ക് സമമാണെന്ന് വ്യക്തമാക്കിയിരുന്നു.

എന്നാൽ ഇന്ദിരാ ഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിങ്ങ് കേരളത്തിലെ വിദ്യാലയങ്ങളിലെ തയ്യൽ ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി പരിഗണിക്കുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം എസ്.സി.ഇ.ആർ.ടി- യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സിന്റെ വിശദവിവരങ്ങൾ പരിശോധിച്ചതു പ്രകാരവും പരാമർശം (1) കത്തിന്റെ വെളിച്ചത്തിലും ഇഗ്നോ നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് തയ്യൽ ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി പരിഗണിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിങ്ങ് കോഴ്സ് കേരളത്തിലെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ തയ്യൽ ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിച്ച ഉത്തരവാകുന്നു.

കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ, മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ